2026
OCTOBER
16
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# ഇന്ത്യയിൽ ഒന്നരലക്ഷം കോടിയുടെ നിക്ഷേപത്തിന് ഹ്യുണ്ടായ്

**ന്യൂദൽഹി:** ദക്ഷിണ കൊറിയൻ വാഹന നിർമാതാക്കളായ ഹ്യുണ്ടായ് മോട്ടോർ ഗ്രൂപ്പ് ഇന്ത്യയിൽ വമ്പൻ നിക്ഷേപത്തിനൊരുങ്ങുന്നു. 2032 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ 15.5 ബില്യൻ ഡോളറിന്റെ നിക്ഷേപം നടത്തുമെന്ന വമ്പൻ പ്രഖ്യാപനമാണ് ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ നടത്തിയത്.

പ്രധാനമന്ത്രിയുടെ ഓഫിസിൽ വെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഹ്യുണ്ടായ് മോട്ടർ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ചെയർമാൻ യൂസുൻ ചുങ്ങും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയെ തുടർന്നാണു പ്രഖ്യാപനം. ഇന്ത്യ ഹ്യുണ്ടായിയുടെ സുപ്രധാനവും തന്ത്രപ്രധാനവുമായ വിപണിയാണെന്ന് ചുങ് പറഞ്ഞു.

നിർമാണ വിപുലീകരണം, ഗവേഷണവികസന അടിസ്ഥാനസൗകര്യ വികസനം, ഘടകഭാഗങ്ങളുടെ പ്രാദേശിക ഉൽപാദനത്തിനായി പ്രാദേശിക വിതരണക്കാരെ പ്രോത്സാഹിപ്പിക്കൽ, ഭാവി സാങ്കേതിക നവീകരണം എന്നിവ ഉൾപ്പെടുന്നതാണ് ഈ ഏഴ് വർഷത്തെ നിക്ഷേപം.

ഈ നിക്ഷേപ പദ്ധതി നടപ്പിലാക്കുന്നതിനായി ഇന്ത്യയിൽ ഒരു പ്രത്യേക നിക്ഷേപ സ്ഥാപനം രൂപീകരിക്കുമെന്നും ഹ്യുണ്ടായ് ഗ്രൂപ്പ് അറിയിച്ചു.

കഴിഞ്ഞ ഏതാനും മാസങ്ങളായി ഇന്ത്യൻ കാർ വിപണി റെക്കോർഡുകൾ തിരുത്തി മുന്നേറുകയാണ്. ഓഗസ്റ്റിൽ 36% വാർഷിക വളർച്ചയോടെ 4.39 ലക്ഷം പുതിയ കാറുകൾ വിറ്റഴിഞ്ഞിരുന്നു. ഇതും റെക്കോർഡാണ്. സാമ്പത്തികം പഠിക്കുക

കാർ നിർമാതാക്കളുടെ കൂട്ടായ്മയായ സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ചറേഴ്സിന്റെ (സിയാം) കണക്കുപ്രകാരം മാരുതി സുസുക്കിയാണ് ഇന്ത്യയിൽ ഏറ്റവുമധികം കാറുകൾ വിൽക്കുന്നത്. ഏപ്രിൽഓഗസ്റ്റ് പരിഗണിച്ചാൽ മഹീന്ദ്ര ആൻഡ് മഹീന്ദ്ര രണ്ടാമതും ഹ്യുണ്ടായ് മൂന്നാമതുമാണ്.

2024ൽ ആണ് ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ പ്രാരംഭ ഓഹരി വിൽപന (ഐപിഒ) നടത്തി ഇന്ത്യൻ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തത്. ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഐപിഒ ആണിത്. 27,800 കോടി രൂപയായിരുന്നു ഹ്യുണ്ടായ് സമാഹരിച്ചത്.

# മൊത്തവില പണപ്പെരുപ്പം 11.39% ആയി ഉയർന്നു




**ന്യൂദൽഹി:** രാജ്യത്തെ മൊത്തവില പണപ്പെരുപ്പം സെപ്റ്റംബറിൽ 11.39 ശതമാനമായി ഉയർന്നു. ഓഗസ്റ്റിൽ ഇത് 9.92 ശതമാനമായിരുന്നു. ഭക്ഷ്യവസ്തുക്കൾ, ഇന്ധനം, വൈദ്യുതി, നിർമിത ഉൽപ്പന്നങ്ങൾ എന്നിവയുടെ വിലവർധനയാണ് മൊത്തവില സൂചികയിലെ ഈ കുതിപ്പിന് പ്രധാന കാരണം.

ഒക്ടോബർ 14ന് കേന്ദ്ര വാണിജ്യവ്യവസായ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം, മൊത്തവില പണപ്പെരുപ്പം വിവിധ മേഖലകളിലെ ചെലവുകൾ വർധിക്കുന്നതിന്റെ സൂചനയാണ് നൽകുന്നത്.

ഇന്ധനവും വൈദ്യുതിയും ഉൾപ്പെടുന്ന വിഭാഗത്തിലെ പണപ്പെരുപ്പം ഓഗസ്റ്റിലെ 22.93 ശതമാനത്തിൽനിന്ന് സെപ്റ്റംബറിൽ 25.85 ശതമാനമായി ഉയർന്നു. ഭക്ഷ്യവില സൂചികയിലെ പണപ്പെരുപ്പം 7.05 ശതമാനത്തിൽനിന്ന് 8.66 ശതമാനമായും നിർമിത ഉൽപ്പന്നങ്ങളിലെ പണപ്പെരുപ്പം 8.37 ശതമാനത്തിൽനിന്ന് 9.76 ശതമാനമായും വർധിച്ചു.

പെട്രോളിയം ഉൽപ്പന്നങ്ങൾ, അസംസ്കൃത എണ്ണ, ലോഹങ്ങൾ, രാസവസ്തുക്കൾ, തുണിത്തരങ്ങൾ എന്നിവയുടെ വിലവർധനയും ഈ കുതിപ്പിന് ആക്കം കൂട്ടി.

ഇതിനു പുറമെ ചില്ലറ പണപ്പെരുപ്പവും സെപ്റ്റംബറിൽ ഉയർന്നിരുന്നു. ഓഗസ്റ്റിലെ 4.83 ശതമാനത്തിൽനിന്ന് 5.54 ശതമാനമായാണ് ചില്ലറ പണപ്പെരുപ്പം വർധിച്ചത്. പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം ഇതിൽ പ്രധാന പങ്കുവഹിച്ചു.

മൊത്തവിലയിലെ വർധന ഉൽപ്പാദനച്ചെലവുകൾ ഉയർത്തുകയും പിന്നീട് ഉപഭോക്തൃവിലകളിൽ പ്രതിഫലിക്കുകയും ചെയ്യാം. അതേസമയം, മൊത്തവിലയും ചില്ലറവിലയും വ്യത്യസ്ത സൂചികകളായതിനാൽ ഇവയിലെ വർധനയുടെ തോത് ഒരുപോലെയാകണമെന്നില്ല.

പശ്ചിമേഷ്യയിലെ സംഘർഷവും ആഗോള ഊർജവിപണിയിലെ തടസ്സങ്ങളും ക്രൂഡ് ഓയിൽ, ഇന്ധനം, വളം തുടങ്ങിയവയുടെ ചെലവുകൾ ഉയർത്തിയതായി റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. ഇതിന്റെ പ്രത്യാഘാതം ഗതാഗതം, കൃഷി, വ്യവസായ ഉൽപ്പാദനം തുടങ്ങിയ മേഖലകളിലേക്കും വ്യാപിക്കാം.

അസംസ്കൃത വസ്തുക്കളുടെ വില ഉയരുന്നത് കമ്പനികളുടെ പ്രവർത്തനച്ചെലവുകൾ വർധിപ്പിക്കുകയും വ്യാപാരമേഖലയിലും ഉപഭോക്താക്കളിലും അധിക സാമ്പത്തിക സമ്മർദം സൃഷ്ടിക്കുകയും ചെയ്യാം.

# ഇന്ത്യൻ അരി കയറ്റുമതി വരുമാനത്തിൽ മികച്ച വളർച്ച

**ന്യൂദൽഹി:** ഇന്ത്യയുടെ അരി കയറ്റുമതി വരുമാനത്തിൽ മികച്ച വളർച്ച. ഇന്ത്യൻ റൈസ് എക്സ്പോർട്ടേഴ്സ് ഫെഡറേഷന്റെ (ഐആർഇഎഫ്) കണക്കുകൾ പ്രകാരം, ഈവർഷം ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ അരി കയറ്റുമതി വരുമാനം മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 12.9 ശതമാനം ഉയർന്ന് 45,739 കോടി രൂപയിലെത്തി.




ബസ്മതി അരി കയറ്റുമതിയിലൂടെ 22,864 കോടി രൂപയും ബസ്മതി ഇതര അരി കയറ്റുമതിയിലൂടെ 22,874 കോടി രൂപയും ലഭിച്ചു. ഇവ യഥാക്രമം 11.6 ശതമാനത്തിന്റെയും 14.2 ശതമാനത്തിന്റെയും വളർച്ചയാണ് രേഖപ്പെടുത്തിയത്.



അതേസമയം, കയറ്റുമതി ചെയ്ത അരിയുടെ അളവിലല്ല, രൂപയിലെ വരുമാനത്തിലുണ്ടായ വർധനയിലാണ് ഈ കണക്കുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

കയറ്റുമതിയിലെ ഈ മുന്നേറ്റം നിലനിർത്താൻ സ്ഥിരതയുള്ള വ്യാപാര നയങ്ങളും എളുപ്പത്തിൽ ലഭ്യമാകുന്ന സർക്കാർ ആനുകൂല്യങ്ങളും അന്താരാഷ്ട്ര വിപണികളിലേക്കുള്ള മെച്ചപ്പെട്ട പ്രവേശനവും ആവശ്യമാണെന്ന് ഐആർഇഎഫ് വ്യക്തമാക്കി. ഇതിന്റെ ഭാഗമായി ഒക്ടോബർ 23 മുതൽ 25 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഭാരത് ഇന്റർനാഷണൽ റൈസ് കോൺഫറൻസ് 2026 നിർണായക വേദിയാകും.

ഒക്ടോബർ 24ന് നടക്കുന്ന പ്രത്യേക സെഷനിൽ കയറ്റുമതി ആനുകൂല്യങ്ങൾ, യോഗ്യതാ മാനദണ്ഡങ്ങൾ, രേഖകൾ, ഇറക്കുമതി തീരുവകൾ, വ്യാപാര കരാറുകൾ, സർക്കാർ സംഭരണ നയങ്ങൾ എന്നിവ ചർച്ച ചെയ്യും. നയപരമായ പ്രഖ്യാപനങ്ങൾ കയറ്റുമതിക്കാർക്ക് പ്രായോഗികമായ ബിസിനസ് നേട്ടങ്ങളായി മാറണമെന്ന് ഐആർഇഎഫ് ദേശീയ വൈസ് പ്രസിഡന്റ് ദേവ് ഗാർഗ് ചൂണ്ടിക്കാട്ടി.പ്രതികൂല കാലാവസ്ഥയെ തുടർന്ന് ഇന്ത്യയുടെ അരി ഉൽപ്പാദനം 2025-26ലെ ഏകദേശം 154 ദശലക്ഷം ടണ്ണിൽ നിന്ന് 2026 27ൽ 147 ദശലക്ഷം ടണ്ണായി കുറയാൻ സാധ്യതയുണ്ടെന്നാണ് യുഎസ് കൃഷിവകുപ്പിനെ ഉദ്ധരിച്ചുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

എന്നാൽ, സർക്കാർ കൈവശമുള്ള വൻ അരിശേഖരം ആഭ്യന്തര ഭക്ഷ്യസുരക്ഷയ്ക്കും കയറ്റുമതിക്കും ആശ്വാസമാകുമെന്നാണ് വിലയിരുത്തൽ. ഒക്ടോബറിലെ ബഫർ സ്റ്റോക്ക് മാനദണ്ഡമായ 10.25 ദശലക്ഷം ടണ്ണിന്റെ ഏകദേശം നാലിരട്ടിയായ 38 ദശലക്ഷം ടണ്ണിലധികം അരി സർക്കാർ ശേഖരത്തിലുണ്ടെന്നാണ് റിപ്പോർട്ടുകൾ. ഉൽപ്പാദനത്തിൽ കുറവുണ്ടായാലും ആവശ്യമായ കരുതൽ ശേഖരം നിലനിർത്താൻ കഴിയുമെന്ന പ്രതീക്ഷയാണ് ഫെഡറേഷൻ പങ്കുവയ്ക്കുന്നത്.

അരി കയറ്റുമതിയെ സ്വാധീനിച്ചേക്കാവുന്ന അഞ്ച് പ്രധാന നയപരമായ മാറ്റങ്ങൾ തിരിച്ചറിയുന്നതിനായി ബിഐആർസി 2026 പോളിസി വാച്ച് സമ്മേളനത്തിൽ അവതരിപ്പിക്കും.

നിലവിലുള്ള നടപടികൾ, പ്രഖ്യാപിച്ച മാറ്റങ്ങൾ, നിർദിഷ്ട പരിഷ്കാരങ്ങൾ, ചർച്ചയിലുള്ള വ്യാപാര കരാറുകൾ എന്നിവ ഇതിലൂടെ വിലയിരുത്തും. കയറ്റുമതി വായ്പ, ഇൻഷുറൻസ്, ഗ്യാരന്റികൾ, വെയർഹൗസ് രസീത് അടിസ്ഥാനമാക്കിയുള്ള ധനസഹായം എന്നിവയും ചർച്ചാവിഷയങ്ങളാകും.കുറഞ്ഞ ലാഭവിഹിതത്തിൽ പ്രവർത്തിക്കുന്ന ബസ്മതി ഇതര അരി കയറ്റുമതി മേഖലയ്ക്ക് നയപരമായ സ്ഥിരതയും സമയബന്ധിതമായ ആനുകൂല്യങ്ങളും നിർണായകമാണെന്ന് ഐആർഇഎഫ് വൈസ് പ്രസിഡന്റ് ബിപിൻ അഗർവാൾ വ്യക്തമാക്കി. ആഫ്രിക്ക, യൂറോപ്പ്, ഏഷ്യ തുടങ്ങിയ വിപണികളിൽ ഇന്ത്യയുടെ സാന്നിധ്യം ശക്തിപ്പെടുത്താനും മൂല്യവർധിത അരി ഉൽപ്പന്നങ്ങളിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കാനും വ്യക്തമായ കയറ്റുമതി നയം സഹായിക്കുമെന്നാണ് വ്യവസായത്തിന്റെ പ്രതീക്ഷ.

# അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച നേട്ടം കൈവരിക്കുന്നവർക്ക് ജോലി നൽകും: മുഖ്യമന്ത്രി



**തിരുവനന്തപുരം:** അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച നേട്ടം കൈവരിക്കുന്ന മലയാളീ താരങ്ങൾക്ക് സംസ്ഥാന സർക്കാർ ജോലി നൽകുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കായികതാരങ്ങൾക്ക് ജോലി തേടി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകേണ്ട സാഹചര്യം ഒഴിവാക്കും. ഇത്തരം പ്രതിഭകൾക്ക് കേരളത്തിൽ തന്നെ ജോലി നൽകി സുരക്ഷിതത്വം ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗെയിംസിലും മെഡലുകൾ കരസ്ഥമാക്കി നാടിന്റെ അഭിമാനമായി മാറിയ കായികതാരങ്ങളെ ആദരിക്കാനും ജി വി രാജാ കായിക പുരസ്കാരങ്ങൾ സമ്മാനിക്കാനുമായി യുവജനകാര്യ, കായിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'സ്പോർട്സ് നൈറ്റ് കേരളം' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദേശീയഅന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് യാത്രാബത്തയും ദൈനംദിന ആനുകൂല്യങ്ങളും കൃത്യമായി നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മറ്റ് ചെലവുകൾക്കുള്ള തുകയും സമ്മാനത്തുകയും ലഭിക്കാൻ വൈകുന്നു എന്ന പരാതികൾ പരിഹരിക്കും. സ്പോർട്സ് വകുപ്പ് മുൻകൂട്ടി അറിയിക്കുന്ന തുക പൂർണമായും തടസ്സമില്ലാതെ നൽകും. കൂടാതെ ജേഴ്സി, ഭക്ഷണം, കായിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള പണവും കൃത്യമായി നൽകാൻ സ്പോർട്സ് സെക്രട്ടറിക്കും കായിക മന്ത്രിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഒരുകാലത്തുമില്ലാത്ത തരത്തിൽ കായികമേഖലയിൽ വ്യാപകമായ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കും. ക്രിക്കറ്റ് സ്റ്റേഡിയങ്ങൾ, ഫുട്ബോൾ സ്റ്റേഡിയങ്ങൾ, വോളിബോൾ ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവയ്ക്ക് പുറമേ സ്കൂൾകോളേജ് ക്യാമ്പസുകളിലും കായിക സൗകര്യങ്ങൾ വ്യാപകമാക്കും.

ലഹരിമരുന്നിനെതിരായ പ്രചാരണത്തിൽ ഏറ്റവും വലിയ മറുപടി കായികരംഗമാണ്. കായികവിനോദങ്ങൾ അച്ചടക്കവും ശാരീരികമാനസിക ഫിറ്റ്നസും നൽകുകയും കുട്ടികളെ ലഹരി മാഫിയയിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. കേരളത്തിലെ കായികമേഖലയ്ക്ക് അടിത്തറപാകിയ ജി വി രാജയേയും മുഖ്യമന്ത്രി പരിപാടിയിൽ അനുസ്മരിച്ചു.

സംസ്ഥാനത്തെ ഒരു കായികതാരത്തിനും നിരാശപ്പെടേണ്ടി വരില്ലെന്നും സർക്കാർ ഒപ്പമുണ്ടെന്നും കായിക വകുപ്പ് മന്ത്രി ഒ ജെ ജനീഷ് പറഞ്ഞു. 2036ലെ ഒളിമ്പിക്സിൽ കേരളത്തിലേക്ക് മെഡലുകൾ കൊണ്ടുവരാൻ പ്രാപ്തിയുള്ള ടീമിനെ സജ്ജമാക്കുന്നതിനായി ആരംഭിക്കുന്ന കേരള ഒളിമ്പിക്സ് ടാലന്റ് പാത്ത് വേ പദ്ധതിയുടെ ബ്രോഷർ പ്രകാശനം മുഖ്യമന്ത്രി നിർവഹിച്ചു. കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗെയിംസിലും മെഡലുകൾ കരസ്ഥമാക്കി നാടിന്റെ അഭിമാനമായ കായികതാരങ്ങളെ ആദരിച്ച മുഖ്യമന്ത്രി ജി വി രാജാ പുരസ്കാരങ്ങളും സമ്മാനിച്ചു.

വിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ, എംഎൽഎമാർ, കലാകായിക സാംസ്കാരിക മേഖലയിലെ പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ സന്നിഹിതരായി. കായികതാരങ്ങൾക്കും സിനിമാതാരങ്ങൾക്കും കലാകാരന്മാർക്കും ഒരേ വേദിയിൽ ഒത്തുചേരാൻ അവസരമൊരുക്കിയ പരിപാടിയിൽ നടൻ ആന്റണി വർഗീസ് പെപ്പെ, അക്രോബാറ്റിക് ബാസ്കറ്റ്ബോൾ പ്രകടനങ്ങളിലൂടെ ശ്രദ്ധേയരായ ഡങ്കിങ് ഡെവിൾസ്, ഇന്ദുലേഖ വാര്യരും സംഘവും, വയലിനിസ്റ്റ് ശബരീഷ്, മെന്റലിസ്റ്റ് നബ്സൺ തുടങ്ങിയവർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.



## മഹാത്മാഗാന്ധി സർവകലാശാലയിൽ

# അന്താരാഷ്ട്ര ദുരന്തസാധ്യതാ ലഘൂകരണ ദിനാചരണം

**കോട്ടയം:** അന്താരാഷ്ട്ര ദുരന്തസാധ്യതാ ലഘൂകരണ ദിനത്തോടനുബന്ധിച്ചു മഹാത്മാ ഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ 12, 13 തീയതികളിലായി രണ്ടു ദിവസത്തെ ദിനാചരണം സംഘടിപ്പിച്ചു. 'പ്രതിരോധത്തിന്റെ തുടക്കം വീട്ടിൽ നിന്ന്' എന്ന 2026ലെ പ്രമേയം മുൻനിർത്തിക്കൊണ്ട് സംഘടിപ്പിച്ച പരിപാടി സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ് ഡയറക്ടർ ഡോ. മഹേഷ് മോഹൻ ഉദ്ഘാടനം ചെയ്തു. ഫാക്കൽറ്റി ഓഫ് എർത്ത് ആന്റ് എൻവയോൺമെന്റൽ സയൻസസ് ഡീൻ പ്രൊഫ. (ഡോ.) ബൈജു കെ. ആർ. അദ്ധ്യക്ഷത വഹിച്ചു. ഡോ. സൈലസ് വി. പി., ഡോ. സിബു സൈമൺ, ദേവിക പി. സാജൻ, ഹപ്രീത് എച്. തുടങ്ങിയവർ പരിപാടിയിൽ സംസാരിച്ചു.

ഇന്ത്യൻ റെഡ് ക്രോസ്സ് സൊസൈറ്റിയുടെ പ്രതിനിധി പ്രിൻസ് വർഗീസ് പ്രഥമ ശ്രുശ്രൂഷയിലും അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിലും വേണ്ട അറിവിനെപ്പറ്റി പരിശീലന ക്ലാസ്സ് നടത്തി. റെഡ് ക്രോസ്സ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെയും വിദ്യാർത്ഥികൾക്കുള്ള അവസരങ്ങളെയും പരിചയപ്പെടുത്തിയ ക്ലാസ്സിൽ സി.പി.ആർ. ഉൾപ്പെടെയുള്ള പ്രായോഗിക പരിശീലനങ്ങളും നടന്നു.

ദിനാചരണത്തിന്റെ ഭാഗമായി കാർട്ടൂൺ, ക്വിസ്, ഓൺലൈൻ പോസ്റ്റർ മത്സരങ്ങൾ, ഫ്ലാഷ്മോബ് എന്നിവയും സംഘടിപ്പിച്ചു.





# നവരാത്രി ആഘോഷങ്ങൾക്കായി ബൊമ്മക്കൊലു അണിഞ്ഞൊരുങ്ങി

**തൃപ്പൂണിത്തുറ:** നവരാത്രി ആഘോഷങ്ങൾക്ക് വരവേൽപ്പേകി രാജനഗരിയിലെ വീടുകളിൽ ബൊമ്മക്കൊലുക്കൾ ഒരുങ്ങി. കൊച്ചി രാജവംശത്തിന്റെ സാംസ്കാരിക പൈതൃകം പേറുന്ന തൃപ്പൂണിത്തുറയിൽ നവരാത്രി ആഘോഷങ്ങൾക്ക് സവിശേഷമായ സ്ഥാനമാണുള്ളത്. മഹിഷാസുരനെ വധിച്ച് ദുർഗാദേവി തിന്മയ്ക്കുമേൽ നന്മയുടെ വിജയം നേടിയതിന്റെ സ്മരണയിലാണ് നവരാത്രി ആഘോഷിക്കുന്നത്.

പുരാണകഥകൾ, ദേവീദേവന്മാരുടെ രൂപങ്ങൾ, രാമായണത്തിലെയും മഹാഭാരതത്തിലെയും കഥാപാത്രങ്ങൾ, കൃഷ്ണലീലകൾ, വിവാഹച്ചടങ്ങുകൾ, ഗ്രാമീണ ജീവിതം, കർഷകർ, സംഗീതജ്ഞർ, മൃഗങ്ങൾ, പക്ഷികൾ തുടങ്ങി വൈവിധ്യമാർന്ന കാഴ്ചകളാണ് ബൊമ്മക്കൊലുവിൽ ഒരുക്കുന്നത്. മൺബൊമ്മകൾക്കാണ് പരമ്പരാഗതമായി പ്രാധാന്യമെങ്കിലും തടിയിലും മറ്റു വസ്തുക്കളിലും നിർമിച്ച രൂപങ്ങളും ഉപയോഗിക്കുന്നു. തമിഴ് പാരമ്പര്യത്തിലെ മരപ്പാച്ചി ബൊമ്മകൾ ഇതിൽ ശ്രദ്ധേയമാണ്. ദമ്പതികളുടെ രൂപത്തിലുള്ള ഈ തടിബൊമ്മകൾ കുടുംബ പാരമ്പര്യത്തിൻറെ ഭാഗമായി തലമുറകളിലേയ്ക്ക് കൈമാറി വരുന്നതാണ്.

മൂന്ന് മുതൽ പതിമൂന്ന് പടികൾ വരെയായി സൗകര്യത്തിനും ബൊമ്മകളുടെ എണ്ണത്തിനുമനുസരിച്ച് ഒറ്റ സംഖ്യയിലുള്ള പടികളാണ് സാധാരണയായി ഒരുക്കുന്നത്. ഏറ്റവും മുകളിലെ പടിയിൽ പ്രധാന ദേവീദേവന്മാരുടെ രൂപങ്ങളും താഴേയ്ക്കുള്ള പടികളിൽ മറ്റു ദേവതകൾ, ഇതിഹാസ കഥാപാത്രങ്ങൾ, മനുഷ്യ ജീവിതത്തിന്റെ വിവിധ കാഴ്ചകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവ ക്രമീകരിക്കുന്നു.

# റബർ, ലാറ്റക്സ്, ഒട്ടുപാൽ വില വർധന വിപണിയിൽ ഉണർവ്

**കോട്ടയം:** ഇടവേളയ്ക്കുശേഷം റബർ, ലാറ്റക്സ്, ഒട്ടുപാൽ വിലകളിൽ കുതിപ്പ്. വില റിക്കാർഡിലേക്കു കുതിക്കുന്നതോടെ വിപണിയും സജീവമായി. മഴയുണ്ടെങ്കിലും ഇടവേളകളിൽ ടാപ്പിംഗ് നടക്കുന്നതിനാൽ കടകളിലേക്കു ചരക്കു വരവുണ്ട്. നിലവിലെ രീതിയിൽ മുന്നോട്ടുപോയാൽ വില രണ്ടാഴ്ചയ്ക്കുള്ളിൽ 300 കടന്നാലും അതിശയിക്കേണ്ടതില്ലെന്നു വ്യാപാരികൾ പറയുന്നു.

റബർ ബോർഡ് വില 285.50 രൂപ വരെയാണെങ്കിലും കർഷകനു ലഭിക്കുന്നത് 280-81 രൂപയാണ്. ഒട്ടുപാൽ മില്ലുകാർ 200 രൂപയ്ക്കു മുകളിലാണ് വാങ്ങുന്നത്, കർഷകന് 185 രൂപ വരെ ലഭിക്കും. ലാറ്റക്സ് വില 285 രൂപയിൽ വരെ എത്തിയിരിക്കുകയാണ്. റബറിനു വില വർധിച്ചാൽ പിന്നാലെ ഒട്ടുപാലിനും ലാറ്റക്സിനും വില വർധിക്കുമെന്നു വ്യാപാരികൾ പറയുന്നു. കാലാവസ്ഥാ വ്യതിയാനം തിരിച്ചടിയാകുന്നതായി കർഷകർ പറയുന്നു. മഴ കുറഞ്ഞതിനാൽ മുൻ വർഷങ്ങളിൽനിന്നു വ്യത്യസ്തമായി ഇത്തവണ ടാപ്പിംഗ് ദിനങ്ങൾ വർധിച്ചിരുന്നു. ആനുപാതികമായി ഉത്പാദന വർധന ഉണ്ടാകുന്നില്ല. പകൽച്ചൂട് വർധിക്കുന്നതിനാൽ പല തോട്ടങ്ങളിലും വേനൽക്കാലത്തേതു പോലുള്ള ഉത്പാദനക്കുറവുണ്ട്. വരും ദിവസങ്ങളിൽ തുലാവർഷം ശക്തിപ്പെട്ടാൽ വീണ്ടും ടാപ്പിംഗ് മുടങ്ങുന്ന അവസ്ഥയുണ്ടാകും.

റബർ വിലയിലെ മുന്നേറ്റത്തിനു പിന്നാലെ, തോട്ടങ്ങൾ പാട്ടത്തിനെടുക്കുന്നവരുടെ എണ്ണവുമേറി. വിലക്കുറവും തൊഴിലാളി ക്ഷാമവും മൂലം വർഷങ്ങളായി ടാപ്പിംഗ് മുടങ്ങിക്കിടന്ന തോട്ടങ്ങൾക്കും ആവശ്യക്കാരായതോടെ കർഷകരും സന്തോഷത്തിലാണ്. അരയേക്കർ മുതലുള്ള ചെറു തോട്ടങ്ങൾ മുതൽ വൻ തോട്ടങ്ങൾ വരെ ഇത്തരത്തിൽ പാട്ടത്തിനു നൽകുന്നുണ്ട്. വില ഉയർന്നതോടെ പാട്ടം നിരക്കും ഉയർന്നിട്ടുണ്ട്.

ഒരു തോട്ടത്തിന് മരത്തിന്റെ എണ്ണത്തിനനുസരിച്ച് നിശ്ചിത തുക പറഞ്ഞാണ് ഭൂരിഭാഗം പേരും പാട്ടമെടുക്കുക. ഒന്നു മുതൽ മൂന്നു വർഷത്തേക്ക് വരെയാണ് സാധാരണ പാട്ടത്തിനു നൽകുന്നത്. ഒരു മരത്തിന് നിശ്ചിത രൂപ എന്ന രീതിയിൽ കണക്കാക്കിയാണ് ഭൂരിഭാഗം പേരും പാട്ടത്തുക പറയുക. മരം ഉൾപ്പെടെ നൽകുന്നവരും ടാപ്പിംഗ് മാത്രം പാട്ടത്തിനു നൽകുന്നവരുമുണ്ട്. അത്യാവശ്യം വലിപ്പമുള്ള മരങ്ങളാണെങ്കിൽ, മരമുൾപ്പെടെ പാട്ടത്തിന് ഒരെണ്ണത്തിന് ശരാശരി 3000-3500 രൂപ നിരക്കിലാണ് കണക്ക് കൂട്ടുക.

മുൻ വർഷത്തേക്കൾ 500-1000 രൂപയുടെ വർധനയുണ്ടെന്നു കർഷകർ പറയുന്നു. ടാപ്പിംഗ് മാത്രമാണെങ്കിൽ 500-600 രൂപയാണ് കണക്കു കൂട്ടുക. നിലവിലെ വിലയിൽ, ഈ നിരക്കുകളിൽ പാട്ടത്തിനു നൽകുന്നവർക്കും എടുക്കുന്നവർക്കും നഷ്ടമുണ്ടാകില്ല.

ഒന്നിച്ച് ഒരു തുക ലഭിക്കുമെന്നതാണ് കർഷകരുടെ നേട്ടം. വർഷങ്ങളായി തോട്ടങ്ങൾ പാട്ടത്തിനെടുക്കുന്നവരും വില വർധിക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിലേക്കു പുതുതായി വന്നവരുമുണ്ട്.

പാട്ടത്തിനൊപ്പം, പങ്ക് ടാപ്പിംഗും വർധിച്ചു. ഉത്പാദനത്തിൽ പകുതി ഉടമയ്ക്കും പകുതി ടാപ്പർക്കും എന്ന രീതിയിലാണ് പങ്ക് രീതി. മികച്ച വില ലഭിക്കുന്നതിനാൽ തൊഴിലാളിക്കും നേട്ടമാണിത്. ഇതോടെ വർഷങ്ങളായി വെറുതേ കിടക്കുന്ന തോട്ടങ്ങൾ പലതും ഇത്തരത്തിൽ പങ്ക് ടാപ്പിംഗിലേക്കു മാറുന്നുണ്ട്.

# സർവകലാശാലാ പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

മഹാത്മാഗാന്ധി സർവകലാശാലാ പെൻഷൻകാരുടെ 2026 വർഷത്തെ ജീവനസാക്ഷ്യപത്രം (ലൈഫ് സർട്ടിഫിക്കറ്റ്) www.jeevanpramaan.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കാത്തവർക്ക് സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള ഫോം ഡൗൺലോഡ് ചെയ്തും ജീവനസാക്ഷ്യപത്രം സമർപ്പിക്കാവുന്നതാണ്. ജീവൻപ്രമാൺ സൈറ്റ് ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർവകലാശാലാ വെബ്സൈറ്റിലും പെൻഷനേഴ്സ് പോർട്ടലിലും ലഭ്യമാണ്.

ഇതോടൊപ്പം എല്ലാ പെൻഷൻകാരും 'സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നില്ല' എന്ന സത്യവാങ്മൂലവും കുടുംബ പെൻഷൻകാർ 'വിവാഹം ചെയ്തിട്ടില്ല/പുനർവിവാഹം ചെയ്തിട്ടില്ല' എന്ന സത്യവാങ്മൂലവും മേൽ സൈറ്റുകളിൽ ലഭ്യമായ ഫോമുകളിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ഇവ സമർപ്പിക്കാത്തപക്ഷം 2027 ജനുവരി മാസം മുതലുള്ള പെൻഷൻ വിതരണം മാറ്റിവയ്ക്കപ്പെടുന്നതാണ്.

ലൈഫ് സർട്ടിഫിക്കറ്റും സത്യവാങ്മൂലവും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 15, 2026.

## പരീക്ഷക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ എം.എ., എം.എസ്.സി., എം.കോം. (പിജിസിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (20202024 അഡ്മിഷൻ റീഅപ്പീയറൻസ്, 2019 അഡ്മിഷൻ ഫസ്റ്റ് മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് ഒക്ടോബർ 30 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 31 വരേയും, സൂപ്പർ ഫൈനോടെ നവംബർ 3 വരേയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ പഞ്ചവത്സര എൽ.എൽ.ബി. പ്രോഗ്രാമുകളുടെ ആറാം സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ 27 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ബി.വോക് (2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് വിദ്യാർത്ഥികൾ ഒക്ടോബർ 26 വരെയും, കോളേജുകളിൽ നിന്ന് ഒക്ടോബർ 27 വരെയും ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി യഥാക്രമം ഒക്ടോബർ 28, 29 വരെയും സൂപ്പർ ഫൈനോടുകൂടി യഥാക്രമം ഒക്ടോബർ 30, നവംബർ 2 വരെയും അപേക്ഷ സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.എസ്.ഡബ്ല്യൂ, എം.എ.ജെ.എം.സി, എം.റ്റി.റ്റി.എം, എം.എച്ച്.എം, എം.എഫ്.എ (2025 അഡ്മിഷൻ റഗുലർ, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ മാസ്റ്റ!ർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2025 അഡ്മിഷൻ റഗുലർ, 20202024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2026 പരീക്ഷകൾക്ക് ഒക്ടോബർ 29 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 31വരെയും, സൂപ്പർ ഫൈനോടുകൂടി നവംബർ 3 വരെയും അപേക്ഷ സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ എം.എ (എച്ച്.ആർ.എം) (2025 അഡ്മിഷൻ റഗുലർ, 2022-2024 അഡ്മിഷനുകൾ സപ്ലിമെന്ററി 2021 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്), എം.എച്ച്.ആർ.എം. (2020 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 4 മുതൽ ആരംഭിക്കും. ഒക്ടോബർ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 24 വരെയും, സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 26 വരെയും അപേക്ഷ സ്വീകരിക്കും.

## പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ പഞ്ചവത്സര എൽ.എൽ.ബി പ്രോഗ്രാമുകളുടെ നാലാം സെമസ്റ്റർ പരീക്ഷകൾ നവംബർ 3 മുതൽ ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ് സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ബി.വോക് പുതിയ സ്കീം (2024 അഡ്മിഷൻ റഗുലർ, 2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്,) ഒക്ടോബർ 2026 പരീക്ഷകൾ നവംബർ 4 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ ഇംഗ്ലീഷ് , എം.എസ്.സി ഫിസിക്സ് , കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ് , എം.എസ്.സി കമ്പ്യൂട്ടർ സയൻസ് ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ് ഡാറ്റ സയൻസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ് , 2020 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ഒക്ടോബർ 2026 പരീക്ഷകൾ നവംബർ 5 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

# കാവ്യ ഫിലിം കമ്പനി സൗബിൻ ടീമിന്റെ നൈറ്റ് ഷോസ്

കാവ്യ ഫിലിം കമ്പനി നിർമ്മിച്ച്, രഞ്ജൻ പ്രമോദ് ഒരുക്കിയ 'നൈറ്റ് ഷോസ്' ടീസർ പുറത്തിറങ്ങി. മലയാളത്തിലെ ഒരു പുത്തൻ ദൃശ്യാനുഭവമായി ഈ ചിത്രം മാറുമെന്ന സൂചനയാണ് ടീസർ നൽകുന്നത്. ദൃശ്യങ്ങളുടെയും ശബ്ദത്തിന്റെയും പുതിയൊരു ലോകത്തേക്കാണ് ചിത്രം പ്രേക്ഷകരെ കൂട്ടിക്കൊണ്ട് പോകുന്നതെന്ന് ടീസർ കാണിച്ചു തരുന്നുണ്ട്. വലിയ ആൾക്കൂട്ടത്തിനു നടുവിലെ ദൃശ്യങ്ങളുടെയും ശബ്ദത്തിന്റെയും സാധ്യതകളും ചിത്രം പരീക്ഷിക്കുന്നുണ്ട് എന്ന സൂചനയും ടീസറിൽ കാണാം. ഡിജെ പാർട്ടിയുടെയും നൈറ്റ് ലൈഫിന്റെയും ദൃശ്യങ്ങളിലൂടെ സഞ്ചരിക്കുന്ന ടീസർ, സിനിമയുടെ കഥാപശ്ചാത്തലത്തെക്കുറിച്ചും ദൃശ്യാവിഷ്കാരത്തെക്കുറിച്ചും പ്രേക്ഷകർക്കിടയിൽ കൗതുകം സൃഷ്ടിക്കുന്നുണ്ട്. 2018, മാളികപ്പുറം, രേഖാചിത്രം, ആട് 3 തുടങ്ങിയ മെഗാ ബോക്സ് ഓഫീസ് വിജയങ്ങൾക്ക് ശേഷം കാവ്യ ഫിലിം കമ്പനി നിർമ്മിക്കുന്ന നൈറ്റ് ഷോസ്, രക്ഷാധികാരി ബൈജു, ഒ. ബേബി തുടങ്ങിയ ശ്രദ്ധേയ സിനിമകൾക്ക് ശേഷം രഞ്ജൻ പ്രമോദ് സംവിധാനം ചെയ്യുന്ന ചിത്രമാണ്. കാവ്യ ഫിലിം കമ്പനിയുടെ ബാനറിൽ വേണു കുന്നപ്പിള്ളി നിർമ്മിക്കുന്ന ചിത്രത്തിന്റെ പോസ്റ്റ് പ്രൊഡക്ഷൻ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക് നീങ്ങുകയാണ്. സൗബിൻ ഷാഹിറും 1870 പുതുമുഖങ്ങളുമാണ് ചിത്രത്തിന്റെ താരനിരയിൽ അണിനിരക്കുന്നത്. ചിത്രത്തിന്റെ




പ്രമേയം, മറ്റു താരങ്ങൾ, റിലീസ് തീയതി തുടങ്ങിയ വിവരങ്ങൾ അണിയറപ്രവർത്തകർ വരും ദിവസങ്ങളിൽ പുറത്തുവിടും.

തിരക്കഥാകൃത്ത് എന്ന നിലയിൽ മീശമാധവൻ, മനസ്സിനക്കരെ, അച്ചുവിന്റെ അമ്മ, നരൻ തുടങ്ങിയ നിരവധി ശ്രദ്ധേയ സിനിമകളുടെ ഭാഗമായിട്ടുള്ള രഞ്ജൻ പ്രമോദ്, ഫോട്ടോഗ്രാഫർ, രക്ഷാധികാരി ബൈജു, ഒ. ബേബി തുടങ്ങിയ ചിത്രങ്ങളിലൂടെ സംവിധായകനായും തന്റേതായ ഇടം നേടിയിട്ടുണ്ട്. വ്യത്യസ്തമായ പ്രമേയങ്ങളും അവതരണരീതികളും കൊണ്ട് ശ്രദ്ധിക്കപ്പെട്ടിട്ടുള്ള അദ്ദേഹവും ജനപ്രീതിയും കലാമൂല്യവുമുള്ള സിനിമകൾ നിർമ്മിച്ചിട്ടുള്ള കാവ്യ ഫിലിം കമ്പനിയും ഒന്നിക്കുന്നുവെന്നത് നൈറ്റ് ഷോസിനെ പ്രേക്ഷകശ്രദ്ധയിലേക്ക് കൊണ്ടുവരുന്ന പ്രധാന ഘടകമാണ്. ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് നേരത്തെ പുറത്തിറങ്ങി ശ്രദ്ധ നേടിയിരുന്നു. ഇപ്പോൾ ടീസർ കൂടി എത്തിയതോടെ സിനിമയുടെ ഉള്ളടക്കത്തെക്കുറിച്ചും അവതരണ ശൈലിയെക്കു റിച്ചുമുള്ള പ്രതീക്ഷകൾ വർധിച്ചിരിക്കുകയാണ്.

സാങ്കേതിക മികവിന് ഏറെ പ്രാധാന്യം നൽകുന്ന ചിത്രമായിരിക്കും 'നൈറ്റ് ഷോസ്' എന്ന സൂചനയാണ് ടീസർ നൽകുന്നത്. ശബ്ദവിന്യാസം, സംഗീതം എന്നിവയ്ക്ക് ചിത്രത്തിൽ പ്രത്യേക പ്രാധാന്യമുണ്ടെന്നതും ടീസറിലൂടെ വ്യക്തമാകുന്നുണ്ട്. സിനിമയുടെ അന്തരീക്ഷവും ദൃശ്യശ്രാവ്യ അവതരണവും ഒരുപോലെ ശ്രദ്ധ നേടുന്ന രീതിയിലാണ് ടീസർ ഒരുക്കിയിരിക്കുന്നത്. ഓരോ ചിത്രത്തിലും വ്യത്യസ്തമായ സമീപനങ്ങൾ പരീക്ഷിച്ചിട്ടുള്ള രഞ്ജൻ പ്രമോദ്, നൈറ്റ് ഷോസിലൂടെ പ്രേക്ഷകർക്ക് പുതുമയുള്ളൊരു സിനിമാനുഭവം സമ്മാനിക്കുമെന്ന പ്രതീക്ഷയും ടീസർ ഉയർത്തുന്നു.

നിർമ്മാണം: വേണു കുന്നപ്പിള്ളി, ബാനർ: കാവ്യ ഫിലിം കമ്പനി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: വിവേക് രാമദേവൻ, ലൈൻ പ്രൊഡ്യൂസർ: ഗോപകുമാർ ജി. കെ., രചന, സംവിധാനം, പ്രൊഡക്ഷൻ ഡിസൈനർ: രഞ്ജൻ പ്രമോദ്, ഛായാഗ്രഹണം: അഭിഷേക് ശരവണൻ, സംഗീതം: ഡോൺ വിൻസെന്റ്, എഡിറ്റിംഗ്: സിദ്ദിഖ് ഹൈദർ, ആർട്ട്: നിഖിൽ ചാക്കോ, കോസ്റ്റ്യൂംസ്: റിസ്വാൻ ഖാൻ, മേക്കപ്പ് & ഹെയർ സ്റ്റൈലിസ്റ്റ്: നരസിംഹ സ്വാമി, സൗണ്ട് എഫക്ട്സ് എഡിറ്റേഴ്സ്: രാകേഷ് കെ.എം., പ്രേംശങ്കർ സേതുമാധവൻ, എ.ഡി.ആർ. സൂപ്പർവൈസർ: ജോബിൻ ജയൻ, പ്രൊഡക്ഷൻ റെക്കോർഡിംഗ്: ഷമീർ അഹമ്മദ്, റീറെക്കോർഡിംഗ് മിക്സർ: ജിതിൻ ജോസഫ്, കളറിസ്റ്റ്: അർജുൻ മേനോൻ, വി.എഫ്.എക്സ്: ആകാശ് കൃഷ്ണ, പോസ്റ്റർ ഡിസൈൻ: ശ്രീജിത്ത് എൻ., ചീഫ് അസോസിയേറ്റ് ഡയറക്ടർ: സൗഗന്ധ് പ്രമോദ്, ഫസ്റ്റ് അസിസ്റ്റന്റ് ക്യാമറാമാൻ: വിജയ് ഭാസ്കർ, ഡയറക്ടേഴ്സ് അസിസ്റ്റന്റ്: ബേസിൽ കുഞ്ഞുമോൻ, ക്രിയേറ്റീവ് അസോസിയേറ്റ് ഡയറക്ടർ: സൗരഭ് പ്രമോദ്, പ്രൊഡക്ഷൻ മാനേജർ: നിസാർ എടത്തല, പ്രൊഡക്ഷൻ കൺട്രോളർ: ഷിബു ജി. സുശീലൻ, പ്രൊഡക്ഷൻ സൂപ്പർവൈസർമാർ: അഖിൽ, ഷൈലജ ശശിധരൻ, പ്രൊഡക്ഷൻ ഇൻചാർജ്: സിദ്ദിഖ് ഹൈദർ, പി.ആർ.ഒ: വൈശാഖ് സി. വടക്കേവീട്, ജിനു അനിൽകുമാർ

# അതിമനോഹരം ക്രിസ്മസ് റിലീസായി തിയറ്ററുകളിലേക്ക്

മോഹൻലാലും സംവിധായകൻ തരുൺ മൂർത്തിയും വീണ്ടും ഒന്നിക്കുന്ന ചിത്രം അതിമനോഹരം ഡബ്ബിംഗ് ആരംഭിച്ചു. ഡബ്ബിംഗ് സ്റ്റുഡിയോയിൽ നിന്നുമുള്ള മോഹൻലാലിന്റെ ചിത്രങ്ങൾ പങ്കുവച്ചുകൊണ്ട് അണിയറപ്രവർത്തകർ തന്നെയാണ് പുറത്തുവിട്ടത്. മലയാള സിനിമാപ്രേമികൾ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ചിത്രം ഈ വർഷം ഡിസംബർ 24ന് ക്രിസ്മസ് റിലീസായി തിയറ്ററുകളിലെത്തും. കഴിഞ്ഞ വിഷു ദിനത്തിലായിരുന്നു ചിത്രത്തിന്റെ ടൈറ്റിൽ പുറത്തുവിട്ടത്. അതുവരെ L366 എന്ന വർക്കിംഗ് ടൈറ്റിലിലായിരുന്നു സിനിമ അറിയപ്പെട്ടിരുന്നത്. മലയ്ക്ക് പോകുന്ന സ്വാമിമാർക്കിടയിൽ പൊലിസ് വേഷത്തിൽ നിൽക്കുന്ന മോഹൻലാലിൻറെ ഫസ്റ്റ് ലുക്ക് പോസ്റ്റർ വലിയ രീതിയിൽ തരംഗം സൃഷ്ടിച്ചിരുന്നു. ടി.എസ്. ലവ് ലാജൻ എന്നാണ് ചിത്രത്തിൽ മോഹൻലാൽ അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ പേര്. ആഷിഖ് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിലാണ് ചിത്രം ഒരുങ്ങുന്നത്. ലാലു അലക്സ്, മനോജ് കെ. ജയൻ, ജഗദീഷ്, ഇർഷാദ്, സുധീഷ്, പ്രമോദ് വെളിയനാട്, സജീവൻ, ശ്രീനാഥ് ബാബു, കിരൺ പീതാംബരൻ, വിജി വിശ്വനാഥ്, ഭാമ അരുൺ, പ്രാർഥന തുടങ്ങിയ വൻ താരനിരയാണ് ചിത്രത്തിൽ അണിനിരക്കുന്നത്. ഇഷ്ക്, ആലപ്പുഴ ജിംഖാന, മഹാറാണി തുടങ്ങിയ ശ്രദ്ധേയമായ ചിത്രങ്ങളിലൂടെ പ്രശസ്തനായ രതീഷ് രവിയാണ് ചിത്രത്തിന് തിരക്കഥ ഒരുക്കിയിരിക്കുന്നത്.

ഛായാഗ്രഹണം: ഷാജികുമാർ, സംഗീതം: ജേക്സ് ബിജോയ്, സഹസംവിധാനം: ബിനു പപ്പു, എഡിറ്റിംഗ്: വിവേക് ഹർഷൻ, സൗണ്ട് ഡിസൈൻ: വിഷ്ണു ഗോവിന്ദ്, കലാസംവിധാനം: ഗോകുൽദാസ്, കോസ്റ്റ്യൂം: മഷാർ ഹംസ, മേക്കപ്പ്: റോണക്സ് സേവിയർ, പ്രൊഡക്ഷൻ കൺട്രോളർ: സുധർമൻ, ഡിജിറ്റൽ മാർക്കറ്റിംഗ്: ഒബ്സ്ക്യൂറ എൻറർടൈൻമെൻറ് എന്നിവരാണ് മറ്റ് അണിയറപ്രവർത്തകർ.



### മത്സ്യമേഖലയിൽ സിഎംഎഫ്ആർഐയുടെ വനിതാ ശാക്തീകരണം

# കേരളത്തിൽ 84 മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾ, കുടുംബവരുമാനത്തിൽ 35 ശതമാനം വരെ വർധനവ്



**കൊച്ചി:** കൂടുമത്സ്യകൃഷി, അലങ്കാര മത്സ്യം വളർത്തൽ, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉൽപാദനം തുടങ്ങി വിവിധ മേഖലകളിൽ തീരദേശ വനിതകളെ സംരംഭകരാകാൻ സഹായിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ)

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെയുള്ള സിഎംഎഫ്ആർഐയുടെ സയൻസ് ടെക്നോളജി ഇന്നൊവേഷൻ (എസ്ടിഐ) ഹബിന്റെ നേതൃത്വത്തിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ കേരളത്തിലെ എട്ട് ജില്ലകളിലായി 84 മൈക്രോ സംരംഭങ്ങളാണ് ആരംഭിച്ചത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഏറെയും.

ഈ പദ്ധതിയിലൂടെ 220 സ്ത്രീകളും ആറ് ട്രാൻസ്ജെൻഡറുകളും ഉൾപ്പെടെ 469 പേർക്ക് നേരിട്ട് പ്രയോജനം ലഭിച്ചു. കൂടാതെ ഏകദേശം 2,500 പേർക്ക് പരോക്ഷമായ നേട്ടങ്ങളും പദ്ധതിവഴി ലഭിച്ചുവരുന്നു.

പദ്ധതിയുടെ അവലോകനമനുസരിച്ച് ഗുണഭോക്താക്കളുടെ കുടുംബവരുമാനത്തിൽ 30 മുതൽ 35 ശതമാനം വരെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് എസ് ടി ഐ ഹബിന് നേതൃത്വം നൽകുന്ന ഡോ. വിപിൻ കുമാർ വി.പി. പറഞ്ഞു. സാങ്കേതിക മികവും സംരംഭകശേഷിയും മെച്ചപ്പെടുത്തുന്നതിനായി എസ്ടിഐ ഹബ്ബിന്റെ കീഴിൽ 141 പരിശീലന പരിപാടികൾ ഇതിനകം സംഘടിപ്പിച്ചു.

കൂടുമത്സ്യ കൃഷി, കരിമീൻ വിത്തുത്പാദനം, അലങ്കാര മത്സ്യകൃഷി, സംയോജിത മത്സ്യകൃഷി, കല്ലുമ്മേക്കായ കടൽ മുരിങ്ങ കൃഷി, മൂല്യവർദ്ധിത മത്സ്യോൽപന്ന യൂണിറ്റുകൾ, മീൻ വിൽപ്പന, ഉണക്കമീൻ ഉൽപാദന യൂണിറ്റുകൾ തുടങ്ങിയ വിവിധ മേഖലകളിലാണ് സംരംഭങ്ങൾ. മത്സ്യക്കൂട് നിർമ്മാണം, അക്വേറിയം ബിസിനസ്, സംയോജിത മത്സ്യകൃഷി, മത്സ്യവിത്ത് വിതരണം തുടങ്ങിയ മേഖലകളിൽ പ്രഫഷണലുകളായി മാറിയവരുമുണ്ട്.

പരമ്പരാഗത തൊഴിൽ മേഖലകളിൽ മാത്രം ഒതുങ്ങിനിൽക്കാതെ, മത്സ്യമേഖലയിലെ വിവിധരംഗങ്ങളിൽ ഉത്പാദകരും സേവന ദാതാക്കളും ബിസിനസ് ഉടമകളുമായി മാറാൻ ഈ പദ്ധതി സ്ത്രീകളെ സഹായിച്ചതായി സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

സിഎംഎഫ്ആർഐയുടെ അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ, കൃഷി വിജ്ഞാന കേന്ദ്രം എന്നിവയുടെ സഹായത്തോടെ സാങ്കേതിക കൈമാറ്റം, പരിശീലനം, സംരംഭകത്വ മാർഗ്ഗനിർദ്ദേശം, വിപണി സൗകര്യമൊരുക്കൽ എന്നിവ ചെയ്ത് വരുന്നുണ്ട്.

കുറഞ്ഞ വരുമാനവും പരിമിതമായ തൊഴിൽ അവസരങ്ങളിലുമായി ജീവിക്കുന്ന തീരദേശ ജനതയുടെ സാമൂഹികസാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്.



# മുത്തൂറ്റ് ഫിനാൻസിന്റെ സി.എസ്.ആർ പിന്തുണയിൽ ആമ്പല്ലൂരിൽ എന്റെ കുളം പദ്ധതിക്ക് തുടക്കം

**കൊച്ചി:** മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 'എന്റെ കുളം' പദ്ധതിയുടെ ഭാഗമായി ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ ക്രോസോത്ത് കുളം ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. മുത്തൂറ്റ് ഫിനാൻസിന്റെ സി.എസ്.ആർ ഫണ്ട് വിനിയോഗിച്ച് മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ജലസ്രോതസ്സുകളുടെ സംരക്ഷണവും ജലലഭ്യത വർധിപ്പിക്കലും ലക്ഷ്യമിടുന്ന പദ്ധതിയുടെ ഉദ്ഘാടനം എറണാകുളം ജില്ലാ കളക്ടർ പ്രിയങ്ക ജി നിർവഹിച്ചു.

'നിർമ്മലം പുതുയുഗം ശുചിത്വ കേരളം' പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഈ സംരംഭം പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തിനും പ്രാദേശിക ജലലഭ്യത മെച്ചപ്പെടുത്തുന്നതിനും സഹായകമാകും.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയാ സോമൻ അധ്യക്ഷത വഹിച്ചു. ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രഞ്ജിത്ത്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബെന്നി കെ. പൗലോസ്, മുത്തൂറ്റ് ഫിനാൻസ് സി.എസ്.ആർ പ്രതിനിധി പത്മകുമാർ പി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീല സത്യൻ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ സി.ആർ. ദിലീപ് കുമാർ, കെ.എ. ജോഷി, എ.ജെ. ജോർജ്, ബിനു പുത്തേത്ത് മ്യാലിൽ, രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു.

# ഫാഡ വാഹന ഡീലർഷിപ്പ് ജീവനക്കാർക്കായി പരിശീലന കേന്ദ്രം ആരംഭിച്ചു

**ആഗ്ര:** വാഹന ഡീലർഷിപ്പ് മേഖലയ്ക്ക് ആവശ്യമായ നൈപുണ്യമുള്ള ജീവനക്കാരെ വാർത്തെടുക്കുന്നതിനായി ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (ഫാഡ) അക്കാദമിയും ഓട്ടോമോട്ടീവ് സ്കിൽസ് ഡെവലപ്മെന്റ് കൗൺസിലും (എഎസ്ഡിസി) സംയുക്ത പരിശീലന കേന്ദ്രം ആരംഭിച്ചു. ആഗ്രയിലെ അശോക് ഓട്ടോ സെയിൽസ്, മനോറം ബജാജ് ഗ്രൂപ്പ് ഡീലർഷിപ്പ് പരിസരത്ത് പ്രവർത്തിക്കുന്ന ഓട്ടോഗ്രാഡ് റീജിയണൽ സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ ഉദ്ഘാടനം ഒക്ടോബർ 11ന് കേന്ദ്ര സഹമന്ത്രി പ്രൊഫ. എസ്.പി. സിംഗ് ബാഗേൽ നിർവഹിച്ചു.

FADA Academy Enriching Auto Retail

വാഹന ഡീലർഷിപ്പുകളിലെ തൊഴിൽ ആവശ്യങ്ങൾക്കനുസരിച്ചുള്ള പ്രായോഗിക പരിശീലനം നൽകി ഉദ്യോഗാർഥികളെ തൊഴിൽസജ്ജരാക്കുകയാണ് കേന്ദ്രത്തിന്റെ ലക്ഷ്യം. സർവീസ് അഡ്വൈസർ തസ്തികയിലേക്കുള്ള പരിശീലനമാണ് ആദ്യ ബാച്ചിൽ നൽകുന്നത്. ബജാജ്, ടിവിഎസ്, യമഹ, ടാറ്റ മോട്ടോഴ്സ് തുടങ്ങിയ വിവിധ വാഹന ബ്രാൻഡുകളുടെ ഡീലർഷിപ്പുകളിൽ നിന്നുള്ള ഉദ്യോഗാർഥികൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

# ഉത്സവകാല ഓഫറുകളുമായി ഫെഡറൽ ബാങ്കിൽ ഫെസ്റ്റീവ് ഡ്രീംസ്

**കൊച്ചി:** നവരാത്രി, ദീപാവലി ഉത്സവാഘോഷങ്ങളുടെ ഭാഗമായി 'ഫെസ്റ്റീവ് ഡ്രീംസ്' ക്യാംപെയ്ൻ അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്. വിവിധ വായ്പാ നിരക്കിലെ ഇളവുകളും പ്രത്യേക ഡിസ്കൗണ്ടുകളുമാണ് ക്യാംപെയ്ന്റെ സവിശേഷത. നിബന്ധനകൾക്ക് വിധേയമായി, ഭവനവായ്പകൾ 7.60 ശതമാനം മുതലും വസ്തുവിന്റെ ഈടിന്മേലുള്ള വായ്പകൾ 8.50 ശതമാനം മുതലും ലഭിക്കുന്നതാണ്. കൂടാതെ, വാഹന വായ്പകൾക്കും ആകർഷകമായ നിരക്ക് ലഭ്യമാണ്. സ്വിഗ്ഗി, ഡിസ്ട്രിക്റ്റ് ബൈ സൊമാറ്റോ, ഈസി ഡൈനർ, ബുക്ക് മൈഷോ, ഫസ്റ്റ് ക്രൈ, സെപ്റ്റോ തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ഫെഡറൽ ബാങ്ക് ഡെബിറ്റ്/ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് പർച്ചേയ്സ് ചെയ്താൽ 10 ശതമാനം ഡിസ്കൗണ്ട് ലഭിക്കും. ഉത്സവകാലത്ത് ലൈഫ്സ്റ്റൈൽ, ഭക്ഷണ സാമഗ്രികൾ എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് 'ഫെസ്റ്റീവ് ഡ്രീംസ്' ക്യാംപെയ്ൻ അവതരിപ്പിക്കുന്നതെന്ന് ഫെഡറൽ ബാങ്ക് അറിയിച്ചു.

ഇതിനുപുറമെ, പ്രാദേശിക സമൂഹവുമായുള്ള ഉപഭോക്തൃബന്ധം ദൃഢപ്പെടുത്തുന്നതിന്റെ ഭാഗമായി കൊൽക്കത്തയിലെ 50 റസിഡൻഷ്യൽ വെൽഫെയർ അസോസിയേഷനുകളുമായി ചേർന്ന് വിവിധ പരിപാടികൾ സംഘടിപ്പിക്കും. ദുർഗാപൂജയുടെ ഭാഗമായി നടത്തുന്ന ഇത്തരം പ്രോഗ്രാമുകളിലൂടെ സാധാരണ ജനവിഭാഗങ്ങൾക്കിടയിൽ ഫെഡറൽ ബാങ്കിന്റെ സ്വാധീനം ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. ഏകദേശം 12500 കുടുംബങ്ങളിലേക്ക് നേരിട്ട് എത്തുന്ന തരത്തിലാണ് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഉത്സവകാല ഓഫറുകളെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങൾ ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റിലും വിവിധ സോഷ്യൽ മീഡിയ ചാനലുകളിലും ലഭ്യമാണ്.

# ലഹരിക്കെതിരെ ജിംഖാന ഓൺ വീൽസ് 2 കാർ റാലി ഞായറാഴ്ച

**കൊച്ചി:** ലഹരിമരുന്നിന്റെ വിപത്തിനെതിരെ ബോധവൽക്കരണം ശക്തമാക്കുന്നതിനും ആരോഗ്യമുള്ള ലഹരിമുക്ത സമൂഹം വാർത്തെടുക്കുന്നതിനുമായി കൊച്ചിൻ ജിംഖാന സംഘടിപ്പിക്കുന്ന 'ജിംഖാന ഓൺ വീൽസ് 2 ഡ്രൈവ് എഗെയ്ൻസ്റ്റ് ഡ്രഗ്സ്' ടി എസ് ഡി (ടൈം, സ്പീഡ്, ഡിസ്റ്റൻസ്) കാർ റാലി ഞായറാഴ്ച നടക്കും. രാവിലെ 8.30ന് കൊച്ചിൻ ജിംഖാന പരിസരത്തുനിന്ന് റാലി ആരംഭിക്കും. വാഹനപ്രേമികളെയും പൊതുജനങ്ങളെയും ഒരുമിച്ച് അണിനിരത്തി ലഹരിക്കെതിരെ ശക്തമായ പ്രതിരോധം തീർക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ജനറൽ, മെമ്പേഴ്സ്, കപ്പിൾ, ലേഡീസ്, ഇന്റർ ക്ലബ്ബ് എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളിലായാണ് റാലി സംഘടിപ്പിക്കുന്നത്.

കൊച്ചിൻ ജിംഖാന ക്ലബ്ബ് സെക്രട്ടറി ജോസി പട്ടാറ, ജോയിന്റ് സെക്രട്ടറിയും റാലി കോർഡിനേറ്ററുമായ അഡ്വ. അജിനോവ് മാത്തപ്പൻ എന്നിവരുടെ നേതൃത്വത്തിലാണ് കാർ റാലി സംഘടിപ്പിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY


കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും സിലോൺ ചേംബർ ഓഫ് കൊമേഴ്സും തമ്മിൽ ധാരണാപത്രം കൈമാറുന്നു

# കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സും സിലോൺ ചേംബറും ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** കേരളവും ശ്രീലങ്കയും തമ്മിലുള്ള വ്യാപാര നിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഇരു മേഖലയിലെയും വ്യവസായ സമൂഹങ്ങൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുന്നതിനുമായി കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും സിലോൺ ചേംബർ ഓഫ് കൊമേഴ്സും ധാരണാപത്രം ഒപ്പുവച്ചു. ശ്രീലങ്കയിലെ കൊളംബോയിലായിരുന്നു ധാരണാപത്രം ഒപ്പുവച്ചത്.

ശ്രീലങ്ക ഇക്കണോമിക് ആൻഡ് ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് 2026ൽ പങ്കെടുക്കുന്നതിനായി ശ്രീലങ്കയിലെത്തിയ കൊച്ചിൻ ചേംബർ പ്രതിനിധിസംഘത്തിന്റെ സന്ദർശനത്തിലെ പ്രധാന നേട്ടമായിരുന്നു ഈ ധാരണാപത്രം

കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിക്ക് വേണ്ടി ചേംബറിന്റെ മുൻ പ്രസിഡന്റും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ ശ്രീ. സി. എസ്. കാർത്തയും, സിലോൺ ചേംബർ ഓഫ് കൊമേഴ്സിന് വേണ്ടി ചേംബർ പ്രസിഡന്റ് ശ്രീ. കൃഷൻ ബലേന്ദ്രയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്

ശ്രീലങ്ക ഇക്കണോമിക് ആൻഡ് ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് 2026ൽ പങ്കെടുക്കുന്നതിന് കൊച്ചിൻ ചേംബറിന്റെ പ്രതിനിധിസംഘം ശ്രീലങ്ക സന്ദർശിച്ചപ്പോഴാണ് ധാരണാപത്രം ഒപ്പുവച്ചത്.

സിലോൺ ചേംബറിനെ പ്രതിനിധീകരിച്ച് വൈസ് ചെയർപേഴ്സൺ ബിംഗുമാൽ തേവരത്തന്ത്രി, ഡെപ്യൂട്ടി വൈസ് ചെയർപേഴ്സൺ വിനോദ് ഹിരദരമണി, സെക്രട്ടറി ജനറലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ഷിറാൻ ഫെർണാണ്ടോ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ സെക്രട്ടറി ശ്രീജിത് എസ് കുമാറും സന്നിഹിതനായിരുന്നു.

ഇരു ചേംബറുകളിലെയും അംഗങ്ങൾ തമ്മിലുള്ള നേരിട്ടുള്ള വ്യാപാര സഹകരണം, വ്യാപാര പ്രതിനിധി സംഘങ്ങളുടെ പരസ്പര സന്ദർശനം, വിവിധ മേഖലകളിലെ ബിസിനസ് ശൃംഖലകൾ വികസിപ്പിക്കൽ തുടങ്ങിയവയ്ക്ക് ധാരണാപത്രം വഴിയൊരുക്കും. പരസ്പര വാണിജ്യ താത്പര്യമുള്ള മേഖലകളിൽ സഹകരണം ഉറപ്പാക്കുന്നതിനുള്ള ചട്ടക്കൂടും ഇതിലൂടെ രൂപപ്പെടും.

ധാരണാപത്രത്തിലൂടെ പുതിയ വ്യാപാരനിക്ഷേപ അവസരങ്ങൾ തുറക്കാനും അംഗങ്ങൾക്ക് കൂടുതൽ സാധ്യതകൾ ഒരുക്കാനും കഴിയുമെന്നാണ് കൊച്ചിൻ ചേംബറിന്റെ പ്രതീക്ഷ. കേരളത്തിലെയും ശ്രീലങ്കയിലെയും വ്യവസായ സമൂഹങ്ങൾ തമ്മിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പരസ്പര പ്രയോജനകരമായ ബന്ധം കെട്ടിപ്പടുക്കുകയാണ് ലക്ഷ്യം.

# ഹർ ദിൻ ദീപാവലി ഓഫറുമായി കാൻസായ് നെറോലാക്; ദിവസവും സ്വർണനാണയം നേടാൻ അവസരം

**മുംബൈ:** ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി ഉപഭോക്താക്കൾക്ക് ദിവസവും സ്വർണനാണയം നേടാനുള്ള അവസരവും 2,000 രൂപ വരെ ഉറപ്പായ കാഷ്ബാക്കും വാഗ്ദാനം ചെയ്ത് കാൻസായ് നെറോലാക് പെയിന്റ്സ് ലിമിറ്റഡ് 'ഹർ ദിൻ ദീപാവലി' എന്ന പ്രത്യേക ഓഫർ അവതരിപ്പിച്ചു. 2026 സെപ്റ്റംബർ 25 മുതൽ നവംബർ 5 വരെ നീളുന്ന ഓഫറിലൂടെ ബമ്പർ സമ്മാനമായി കാർ നേടാനും അവസരമുണ്ട്. ഡീലർ കൗണ്ടറുകളിൽ നിന്ന് 25,000 രൂപയുടെ നെറോലാക് ഉൽപ്പന്നങ്ങൾ വാങ്ങുന്നവർക്കാണ് പ്രതിദിന സ്വർണനാണയ നറുക്കെടുപ്പിൽ പങ്കെടുക്കാനാകുക. ഡീലർ കൗണ്ടറിലെ ക്യൂആർ കോഡ് സ്കാൻ ചെയ്തോ nerolachardindiwali.com എന്ന വെബ്സൈറ്റ് സന്ദർശിച്ചോ രജിസ്റ്റർ ചെയ്യണം. ഇൻവോയ്സ് പരിശോധന പൂർത്തിയാകുന്നതോടെ നറുക്കെടുപ്പിൽ പങ്കെടുക്കാം. ഇംപ്രഷൻസ് ശ്രേണി, കാൻസായ് സെലക്ട്, ബ്യൂട്ടി ഗോൾഡ് വാഷബിൾ പ്ലസ്, എക്സെൽ എവർലാസ്റ്റ് തുടങ്ങിയ ഉൽപ്പന്നങ്ങൾ ഓഫറിന്റെ പരിധിയിൽ ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾ സമീപത്തെ നെറോലാക് ഡീലർ കൗണ്ടറുകളിൽ ലഭിക്കും.




കിഴക്ക്, വടക്ക്, പടിഞ്ഞാറ്, മധ്യ ഇന്ത്യയിലെ പ്രധാന വിപണികളിലാണ് പ്രചാരണം. വീടുകൾക്ക് ഉത്സവകാലത്ത് പുതിയ നിറവും ഭംഗിയും നൽകുന്ന ഉപഭോക്താക്കളുടെ ശ്രമങ്ങളെ ആദരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് കമ്പനിയുടെ ചീഫ് മാർക്കറ്റിംഗ് ഓഫീസർ രാംകൃഷ്ണ നായിക് പറഞ്ഞു.

# ഐസിഐസിഐ ലൈഫിന്റെ അറ്റാദായം 26.5 ശതമാനം വളർച്ചയോടെ 760 കോടി രൂപയായി ഉയർന്നു

**കൊച്ചി:** ഐസിഐസിഐ ലൈഫ് ഇൻഷുറൻസ് 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ റീട്ടെയ്ൽ പ്രൊട്ടക്ഷൻ വിഭാഗത്തിൽ വാർഷികാടിസ്ഥാനത്തിൽ 47.2 ശതമാനം വളർച്ച രേഖപ്പെടുത്തി. ആനുവിറ്റി വിഭാഗത്തിൽ 50.0 ശതമാനം വാർഷിക വളർച്ച നേടി. ഇതിലൂടെ റീട്ടെയ്ൽ സം അഷ്വേർഡ് വിഭാഗം 34.9 ശതമാനം വർധിച്ച് 2.32 ലക്ഷം കോടി രൂപയായി.

കമ്പനിയുടെ പുതിയ ബിസിനസ്സ് പ്രീമിയം 25.0 ശതമാനം വർധിച്ച് 11,821 കോടി രൂപയായി. പുതിയ ബിസിനസ്സിന്റെ മൂല്യം 22.3 ശതമാനം ഉയർന്ന് 1,283 കോടി രൂപയിലെത്തി, മാർജിൻ 26.0 ശതമാനം ആണ്. അറ്റാദായം 26.5 ശതമാനം വർധിച്ച് 760 കോടി രൂപയായി. 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ കമ്പനിയുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം 99.3 ശതമാനമാണ്. അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി സമയം 1.1 ദിവസമാണ്.

ഈ കാലയളവിൽ 2,627 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകൾ കമ്പനി തീർപ്പാക്കുകയും, മെച്യൂരിറ്റി ആനുകൂല്യങ്ങളായി 8,634 കോടി രൂപ നൽകുകയും ചെയ്തു.

# പുരുഷന്മാർക്കായി പ്ലാറ്റിനം ആഭരണങ്ങളുടെ പുതിയ ശേഖരവുമായി മെൻ ഓഫ് പ്ലാറ്റിനം

**തിരുവനന്തപുരം:** പുരുഷന്മാർക്കായുള്ള പ്ലാറ്റിനം ആഭരണശേഖരം വിപുലീകരിച്ച് പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ ഇന്ത്യ. മെൻ ഓഫ് പ്ലാറ്റിനം ബ്രാൻഡിനു കീഴിൽ ചെയിനുകൾ, പെൻഡന്റുകൾ, ബ്രേസ്ലെറ്റുകൾ, മോതിരങ്ങൾ എന്നിവയുടെ പുതിയ ഡിസൈനുകളാണ് അവതരിപ്പിച്ചത്. ക്രിക്കറ്റ് താരം രോഹിത് ശർമയും സംഗീത സംവിധായകൻ അനിരുദ്ധ് രവിചന്ദറും പുതിയ പരസ്യപ്രചാരണത്തിന്റെ ഭാഗമാണ്.

ആത്മവിശ്വാസം, സ്ഥിരോത്സാഹം, സ്വന്തം വഴിയിലൂടെ മുന്നേറാനുള്ള ദൃഢനിശ്ചയം എന്നിവ വിജയത്തിന്റെ അടിത്തറയാണെന്ന ആശയമാണ് ശേഖരം മുന്നോട്ടുവയ്ക്കുന്നത്. ശ്രദ്ധേയമായ ഡിസൈനുകളിലുള്ള ആഭരണങ്ങൾക്കൊപ്പം ദൈനംദിന ഉപയോഗത്തിന് അനുയോജ്യമായ ആധുനിക രൂപകൽപ്പനകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജ്യാമിതീയ രൂപങ്ങൾ, വ്യത്യസ്ത ഫിനിഷുകൾ, ഇന്റർലോക്കിങ് ലിങ്കുകൾ, റോസ് ഗോൾഡ്, നീല സെറാമിക് തുടങ്ങിയ ഘടകങ്ങൾ ഡിസൈനുകളുടെ പ്രത്യേകതയാണ്. പ്ലാറ്റിനത്തിന്റെ കരുത്തും സ്വാഭാവിക വെളുത്ത നിറവും വ്യത്യസ്ത ശൈലികളിലുള്ള ആഭരണങ്ങൾക്ക് മിഴിവേകുന്നു.

വിജയത്തിലേക്കുള്ള യാത്രയിൽ മൂല്യങ്ങൾക്കും സ്വയം വിശ്വാസത്തിനുമുള്ള പ്രാധാന്യമാണ് ശേഖരത്തിലൂടെ അവതരിപ്പിക്കുന്നതെന്ന് പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ ഇന്ത്യ മാനേജിങ് ഡയറക്ടർ വൈശാലി ബാനർജി പറഞ്ഞു. ഓരോരുത്തരുടെയും വ്യക്തിത്വവും ജീവിതയാത്രയും പ്രതിഫലിപ്പിക്കുന്ന ആഭരണങ്ങളാണ് ലക്ഷ്യമിടുന്നതെന്നും അവർ വ്യക്തമാക്കി.

പ്ലാറ്റിനം ട്രിനിറ്റി ചെയിൻ, പ്ലാറ്റിനം ക്യാപ്സ്യൂൾ ബ്രേസ്ലെറ്റ്, പ്ലാറ്റിനം ഗ്രൂവ് റിങ്, പ്ലാറ്റിനം അസെന്റ് റിസ്റ്റെയർ, പ്ലാറ്റിനം റിഥം ചെയിൻ എന്നിവയാണ് ശേഖരത്തിലെ പ്രധാന ഡിസൈനുകൾ. ഒക്ടോബർ മുതൽ രാജ്യത്തെ പ്രമുഖ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ലഭ്യമാകും. ദസറ, ദീപാവലി ആഘോഷങ്ങളോടനുബന്ധിച്ചാണ് വിപണിയിലെ




# വാർഷിക വിൽപ്പനയുമായി ജയ്പൂർ റഗ്സ്

**കൊച്ചി:** ജയ്പൂർ റഗ്സ് വാർഷിക വിൽപ്പന 2026 പ്രഖ്യാപിച്ചു. ഏകദേശം 10,000 റഗുകളുടെ വിപുലമായ ശേഖരത്തിന് 60 ശതമാനം വരെ വിലക്കുറവ് ലഭിക്കും. ഹാൻഡ്നോട്ടഡ്, ഹാൻഡ് ടഫ്റ്റഡ് റഗുകൾ, ധുരികൾ, ഡിസൈനർ ശേഖരങ്ങൾ എന്നിവ വിൽപ്പനയുടെ ഭാഗമാണ്. മഞ്ചഹ, ബ്രഹ്മാണ്ഡ്, ജാൻവർ, കവി, കോൺകോക്ഷൻ തുടങ്ങിയ ശേഖരങ്ങളും ലഭ്യമാണ്. ഇത്തവണ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം ഗ്രാമീണ മേഖലയിലെ പെൺകുട്ടികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള ഫണ്ടിലേക്ക് സംഭാവന ചെയ്യും. സ്കൂളുകളിലേക്ക് ദീർഘദൂരം യാത്ര ചെയ്യുന്ന പെൺകുട്ടികൾക്ക് സുരക്ഷിതമായും എളുപ്പത്തിലും വിദ്യാഭ്യാസം തുടരാൻ ഈ സംരംഭം സഹായകമാകും.

# സംരംഭകത്വ പരിശീലനം

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷൻ ഐ ട്രിപ്പ്ൾ ഇ എന്റർപ്രണർഷിപ്പുമായി സഹകരിച്ച്, പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പ് സ്ഥാപകർക്കായി രണ്ട് ദിവസത്തെ പരിശീലന വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. നവംബർ 17, 18 തിയ്യതികളിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ കൊച്ചി ക്യാമ്പസിലാണ് പരിപാടി നടക്കുന്നത്. സൗജന്യമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ തെരഞ്ഞെടുക്കപ്പെട്ട 40 സംരംഭകർക്ക് ഉത്പന്ന വിപണനം, വിൽപ്പന, നിക്ഷേപം സമാഹരിക്കൽ തുടങ്ങിയ വിഷയങ്ങളിൽ അമേരിക്കയിൽ നിന്നും ഇന്ത്യയിൽ നിന്നുമുള്ള വിദഗ്ധർ പരിശീലനം നൽകും. https://bit.ly/4holPHH എന്ന ലിങ്ക് വഴി ഒക്ടോബർ 18നകം അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് bijoyjose@ieee.org എന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.